**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 115** **04-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നുള്ള ധന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മൂലം സംസ്ഥാനത്ത് എത്ര പേരാണ് ഇതുവരെ മരണപ്പെട്ടതെന്നും ഇപ്രകാരം മരണപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്ന് ധനസഹായം നൽകുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ ആദ്യമായി റിപ്പോർട്ട് ചെയ്തതു മുതൽ 02-10-2021 വരെ 25,303 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ മന്ത്രാലയവും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും സംയുക്തമായി പുറപ്പെടുവിക്കുന്ന മാനദണ്ഡപ്രകാരം കോവിഡ് രോഗം മൂലം മരണപ്പെട്ടവരുടെയും, കോവിഡുമായി ബന്ധപ്പെട്ട റിലീഫ് ആക്ടിവിറ്റികളിൽ ഏർപ്പെടവെ രോഗബാധിതരായി മരണപ്പെട്ടു എന്ന് സാക്ഷ്യപ്പെടുത്തുന്നവരുടെയും, ഏറ്റവും അടുത്ത ബന്ധുവിന് 50,000/- രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ് 19 കേസിന്റെ തീയതി മുതൽ കോവിഡ് 19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇത് സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം അനുവദനീയമാണ്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കോവിഡ് മൂലം മരണപ്പെട്ടവർക്കുള്ള സർക്കാർ സഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനും ധന സഹായ വിതരണത്തിനുമായി വില്ലേജുകളിലും ഗ്രാമ പഞ്ചായത്ത്/ നഗരസഭകളിലും പ്രത്യേക ഹെൽപ്പ് | (ബി) | സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ ആദ്യമായി റിപ്പോർട്ട് ചെയ്തതു മുതൽ 02-10-2021 വരെ 25,303 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ മന്ത്രാലയവും ഇന്ത്യൻ കൗൺസിൽ ഓഫ് |

| | | | | |
|---|---|---|---|---|
| | ഡെസ്ക്കുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | | | മെഡിക്കൽ റിസർച്ചും സംയുക്തമായി പുറപ്പെടുവിക്കുന്ന മാനദണ്ഡപ്രകാരം കോവിഡ് രോഗം മൂലം മരണപ്പെട്ടവരുടെയും, കോവിഡുമായി ബന്ധപ്പെട്ട റിലീഫ് ആക്ടിവിറ്റികളിൽ ഏർപ്പെടവെ രോഗബാധിതരായി മരണപ്പെട്ടു എന്ന് സാക്ഷ്യപ്പെടുത്തുന്നവരുടെയും, ഏറ്റവും അടുത്ത ബന്ധുവിന് 50,000/- രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ് 19 കേസിന്റെ തീയതി മുതൽ കോവിഡ് 19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതു സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം അനുവദനീയമാണ്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ